# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 292** — **23/01/2018-ൽ മറുപടിക്ക്**

### കോളറ, മലമ്പനി തുടങ്ങിയ പകർച്ച വ്യാധികളുടെ തിരിച്ചു വരവ്

**ചോദ്യം**

**ശ്രീ.ആർ. രാമചന്ദ്രൻ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

**എ)** സംസ്ഥാനത്തു നിന്നും അപ്രത്യക്ഷമായെന്ന് കരുതിയിരുന്ന കോളറ, മലമ്പനി തുടങ്ങിയ മാരക പകർച്ച വ്യാധികൾ വീണ്ടും കണ്ടെത്തിയതായി വിവരം ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

**എ)** കോളറ സംസ്ഥാനത്തു നിന്നും അപ്രത്യക്ഷമായിരുന്നില്ല. താരതമ്യേന കുറഞ്ഞ തോതിലാണെങ്കിലും വർഷങ്ങളായി ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. 2011-13 കാലഘട്ടത്തെ അപേക്ഷിച്ച് 2016-17-ൽ കുറവാണ്. മലമ്പനി 1965-66-ൽ കേരളത്തിൽ നിന്നും അപ്രത്യക്ഷമായി എങ്കിലും 1968 മുതൽ വീണ്ടും റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. മലമ്പനി ബാധ കൂടുതലായുള്ള സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വിവിധാവശ്യങ്ങൾക്ക് വരുന്നവർ വഴിയും അത്തരം സംസ്ഥാനങ്ങളിൽ പോയിവരുന്ന കേരളീയർ വഴിയും ആണ് പ്രധാനമായും മലമ്പനിബാധ കേരളത്തിൽ ഉണ്ടാകുന്നത്. ചില ജില്ലകളിൽ ചെറിയ തോതിൽ തദ്ദേശീയ മലമ്പനിയും ഉണ്ട്. എന്നാൽ മലമ്പനിബാധിതരുടെ എണ്ണം ക്രമേണ കുറഞ്ഞു വരുന്നതായാണ് കാണുന്നത്.

**ബി)** കോളറ സംസ്ഥാനത്ത് എവിടെയാണ് അടുത്ത കാലത്തായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

**സി)** അന്യ സംസ്ഥാന തൊഴിലാളികളിൽ ഇത്തരം രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; ഇത്തരം രോഗങ്ങൾക്കെതിരെ അവരെ ബോധവത്ക്കരണം നടത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**ബി) യും സി) യും** 2017 ആഗസ്റ്റിൽ പത്തനംതിട്ടയിൽ ഒരാൾക്കും കോഴിക്കോട് മൂന്നുപേർക്കും കോളറ ബാധ ഉണ്ടായി. ഒക്ടോബറിൽ കോഴിക്കോട് രണ്ടുപേർക്കും നവംബറിൽ തിരുവനന്തപുരത്ത് ഒരാൾക്കും കണ്ണൂരിൽ ഒരാൾക്കും ഈ രോഗം ഉണ്ടായി. 2018 ജനുവരിയിൽ ഇതുവരെ ഒരു കോളറ കേസ് എറണാകുളം ജില്ലയിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എല്ലാം ഇതര സംസ്ഥാന തൊഴിലാളികളിൽ ആണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ആകെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന മലമ്പനിയുടെ 30-35 ശതമാനം ഇതര സംസ്ഥാന തൊഴിലാളികളിലാണ്.

ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിലിടങ്ങളിലും വാസസ്ഥലങ്ങളിലും

→

ആരോഗ്യവകുപ്പിന്റെ മൊബൈൽ സ്ക്രീനിംഗ് ടീമും അതല്ലാതെയും സന്ദർശിച്ച് മലമ്പനി, മന്ത്, കുഷ്ഠരോഗം, ജലജന്യ രോഗങ്ങൾ തുടങ്ങിയവ ബാധിച്ചിട്ടുണ്ടോ എന്ന് പരിശോധന നടത്തി ആവശ്യമെങ്കിൽ ചികിത്സയും നൽകി വരുന്നുണ്ട്. വ്യക്തിശുചിത്വം, പരിസര ശുചിത്വം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച ബോധവൽക്കരണം അതാത് ഭാഷകളിൽ അനുയോജ്യമായ സമയങ്ങളിൽ നടത്തി വരുന്നു. ഹെൽത്തി കേരള പരിപാടിയിലൂടെ ഇതര സംസ്ഥാന തൊഴിലാളി കേന്ദ്രങ്ങൾ ആരോഗ്യവകുപ്പും തൊഴിൽ വകുപ്പും സംയുക്തമായി പരിശോധന നടത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. 2018 ജനുവരി 3 മുതൽ 6 വരെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് മന്തുരോഗ സമൂഹ ചികിത്സയും എല്ലാ ജില്ലകളിലും നടപ്പിലാക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ